# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.08.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഹർ ഘർ തിരംഗ യജ്ഞത്തിന് വർണാഭ തുടക്കം; രാജ്യവ്യാപക ജനകീയ മുന്നേറ്റമെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ; എല്ലാ പൗരന്മാരും പങ്കാളികളാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **The 'Har Ghar Tiranga' campaign gets off to a colourful start; Vice President C. P. Radhakrishnan calls it a nationwide people's movement; Prime Minister Narendra Modi urges all citizens to participate.**

2. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കനുസരിച്ച് സുതാര്യവും വിശ്വസനീയവുമായ പരീക്ഷാ സംവിധാനം കെട്ടിപ്പടുക്കുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നതെന്നു കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി.

   **The government's top priority is to build a transparent and reliable examination system that meets the needs of students, says Union Minister Pralhad Joshi.**

3. അമേരിക്കയുമായി നിലവിൽ നേരിട്ടുള്ള ചർച്ചകൾ നടത്തുന്നില്ലെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അറാഗ്ച്ചി.

   **Iranian Foreign Minister Abbas Araghchi says Iran is currently not holding direct talks with the United States.**

4. 2025 ലെ സംസ്ഥാന കാർഷിക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം ചെറുവയൽ രാമന്.

**Kerala State Agricultural Awards for 2025 announced; Cheruvayal Raman receives the award for outstanding contribution to the agricultural sector.**

5. ശക്തമായ മഴയുടെ പശ്ചാത്തലത്തിൽ കേരളത്തിൽ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

**Yellow alert in seven districts of Keralam amid heavy rains; fishing banned along the Keralam, Karnataka and Lakshadweep coasts today and tomorrow.**

6. ഡ്യൂറൻഡ് കപ്പ് ഫുട്ബോളിൽ ഇന്ത്യൻ നേവിക്കെതിരെ ട്രാവു എഫ്സിക്ക് ജയം.

**Trau FC defeat Indian Navy in the Durand Cup football tournament.**

**&&&&&&&&&&&&&&&&&&**

## VP - HAR GHAR TIRANGA

'ഹർ ഘർ തിരംഗ' യജ്ഞത്തിന് രാജ്യത്ത് വർണാഭ തുടക്കം. യജ്ഞം രാജ്യവ്യാപക ജനകീയ മുന്നേറ്റമായി മാറിയെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. യജ്ഞത്തിന്റെ ഭാഗമായി ആൻഡമാൻ നിക്കോബാറിലെ ശ്രീ വിജയപുരത്തെ ഫ്ലാഗ് പോയിന്റിൽ അദ്ദേഹം ദേശീയപതാക ഉയർത്തി.

**&&&&&&&&&&&&&&&&&&**

## VP-PM-QUIT INDIA MOVEMENT-INTRO

ക്വിറ്റ് ഇന്ത്യാ ദിനത്തിൽ, ഹർ ഘർ തിരംഗ യജ്ഞം ആരംഭിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പറഞ്ഞു.

(ഹോൾഡ് വോയ്സ് - ഉപരാ ഷ്ട്രപതി)

'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന മഹാത്മാഗാന്ധിയുടെ ആഹ്വാനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ക്വിറ്റ് ഇന്ത്യ സമരപങ്കാളികൾ രാജ്യത്തെ ഒന്നിപ്പിച്ചുവെന്ന് ഉപരാഷ്ട്രപതി വ്യക്തമാക്കി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ക്വിറ്റ് ഇന്ത്യ സമരധീരർക്ക് ശ്രദ്ധാഞ്ജലിയർപ്പിച്ചു.

&&&&&&&&&&&&&&&&&&

## PM-HAR GHAR TIRANGA

ഹർ ഘർ തിരംഗ യജ്ഞത്തിൽ രാജ്യത്തെ എല്ലാ പൗരന്മാരും പങ്കെടുക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മൂവർണം, രാജ്യത്തിൻറെ അഭിമാനം ആണെന്നും, എല്ലായിപ്പോഴും ഏറ്റവും മികച്ചത് നൽകാനുള്ള പ്രചോദനമാണെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## HAR GHAR TIRANGA-INTRO

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായുള്ള ഹർ ഘർ തിരംഗ യജ്ഞം രാജ്യമെമ്പാടും ആഘോഷിക്കുകയാണ്. ദേശീയ ഐക്യം ശക്തിപ്പെടുത്തുന്നതും ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യം പ്രോത്സാഹിപ്പിക്കുന്നതും ലക്ഷ്യമിട്ട് 2022-ലാണ് ഹർ ഘർ തിരംഗ യജ്ഞത്തിനു തുടക്കമായത്.

വിശദാംശ ങ്ങളിലേക്ക്...

(വോയിസ്)

## HAR GHAR TIRANGA-VOICE

രാജ്യത്തെ ഏറ്റവും വലിയ ജനപങ്കാളിത്ത പ്രസ്ഥാനങ്ങളിലൊന്നായി മാറിയ ഹർ ഘർ തിരംഗ യജ്ഞം അഞ്ചാം വർഷത്തിലേക്കു കടക്കുകയാണിപ്പോൾ. യജ്ഞത്തിന്റെ ഭാഗമായി ലോകമെമ്പാടുമുള്ള 200-ലധികം ഇന്ത്യൻ എംബസികൾ, ഹൈക്കമ്മീഷനുകൾ, കോൺസുലേറ്റുകൾ എന്നിവിടങ്ങളിൽ നിരവധി പരിപാടികൾ സംഘടിപ്പിക്കും. പുതുച്ചേരിയിൽ നടന്ന ഹർ ഘർ തിരംഗ യാത്ര കേന്ദ്രമന്ത്രി അമിത് ഷാ ഫ്ലാഗ് ഓഫ് ചെയ്തു. ലെഫ്റ്റനന്റ് ഗവർണർ കെ കൈലാസ നാഥൻ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു. ഡൽഹിയിൽ, ലോക്സഭാ എംപി ബാൻസുരി സ്വരാജ് പിലാഞ്ചി ഗ്രാമത്തിൽ നിന്ന് ഗ്രേറ്റർ കൈലാസിലേക്ക് തിരംഗ യാത്ര നടത്തി. ഈ മാസം 17 വരെ ഹർ ഘർ തിരംഗ പ്രചാരണം നീണ്ടുനിൽക്കും. ഇന്ത്യയുടെ ദേശീയ ഗീതമായ "വന്ദേ മാതര"ത്തിന്റെ 150-ാം വാർഷികത്തോട് അനുബന്ധിച്ച് നടക്കുന്നതിനാൽ, ദേശസ്നേഹത്തിന്റെ അതുല്യമായ ആഘോഷത്തിൽ ദേശീയപതാകയെയും ദേശീയ ഗീതത്തെയും ഒന്നിച്ചുചേർക്കുന്നു എന്നതാണ് ഈ വർഷത്തെ ഹർ ഘർ തിരംഗ യജ്ഞത്തിന്റെ പ്രത്യേകത.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&

## JOSHI- NTA MEETING

വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കനുസരിച്ച് സുതാര്യവും വിശ്വസനീയവുമായ പരീക്ഷാ സംവിധാനം കെട്ടിപ്പടുക്കുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നതെന്നു കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൾഹാദ് ജോഷി. നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം.

**&&&&&&&&&&&&&&&&&&**

## DAY JHARKHAND - PROTEST

പബ്ലിക് സർവീസ് കമ്മീഷൻ പരീക്ഷയിലെ ക്രമക്കേടുകളിൽ വിദ്യാർഥി സംഘടനകൾ ഝാർഖണ്ഡിൽ നടത്തുന്ന സമരം തുടരുന്നു. റാഞ്ചിയിൽ വിദ്യാർഥികളും സംസ്ഥാന സർക്കാരുമായി ഇന്നു മൂന്നാംവട്ട ചർച്ചകൾ നടന്നു.

**&&&&&&&&&&&&&&&&&&**

## BIODIVERSITY ABS FUND

വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ജൈവ വൈവിധ്യ ബോർഡുകൾക്ക് മൂന്ന് കോടിയിലധികം രൂപ വിതരണം ചെയ്യതായി ദേശീയ ജൈവ വൈവിധ്യ അതോറിറ്റി അറിയിച്ചു. ഇതോടെ ഈ മേഖലയിൽ അതോറിറ്റിയുടെ ആകെ ഫണ്ടുവിതരണം 166 കോടി രൂപ കവിഞ്ഞു.

**&&&&&&&&&&&&&&&&&&**

## IRAN-US TALK

അമേരിക്കയുമായി നിലവിൽ നേരിട്ടുള്ള ചർച്ചകൾ നടത്തുന്നില്ലെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അറാഗ്ച്ചി. ഇടനിലക്കാർ മുഖേന ഇരുരാജ്യങ്ങളും സന്ദേശങ്ങൾ കൈമാറുന്നുണ്ടെന്നും മധ്യസ്ഥ ശ്രമങ്ങൾക്ക് നിരവധി രാജ്യങ്ങൾ ശ്രമിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&**

## REV. US-IRAN

ഹോർമുസ് കടലിടുക്ക് വീണ്ടും തുറക്കുന്നതിന് മുൻപായി അമേരിക്ക ചില വിട്ടുവീഴ്ചകൾക്കു തയ്യാറാകണമെന്ന് ഇറാൻ. നാവിക ഉപരോധം നീക്കുക, സൈന്യത്തെ പിൻവലിക്കുക, യുദ്ധം ശാശ്വതമായി അവസാനിപ്പിക്കുക എന്നിവയുൾപ്പെടെയുള്ള ആവശ്യങ്ങൾ ഇറാൻ സുരക്ഷാമേധാവി ഉന്നയിച്ചു.

**&&&&&&&&&&&&&&&&&&**

## NAGASAKI BOMBING

ഇന്ന് 81-ാം നാഗസാക്കി ദിനം. രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാനിലെ നാഗസാക്കിയിൽ അമേരിക്ക ഫാറ്റ് മാൻ എന്ന ആണവായുധം പ്രയോഗിച്ചതിൻറെ സ്മരണക്കായാണ് ദിനം ആചരിക്കുന്നത്. നാഗസാക്കിയിൽ നടന്ന അനുസ്മരണ പരിപാടിയിൽ 90-ലധികം രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തു.

**&&&&&&&&&&&&&&&&&&**

## SINDOOR BLOOD DONATION-INTRO

പൗരന്മാരുടെ സുരക്ഷയ്ക്കായി ഇന്ത്യ ഏതറ്റം വരെയും പോകുമെന്ന സന്ദേശമാണ് 'ഓപ്പറേഷൻ സിന്ദൂർ' നൽകിയതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ 'സിന്ദൂർ മഹാ രക്തദാൻ യാത്ര' ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രക്തദാനം കാരുണ്യത്തിന്റെ പ്രതീകമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്- രാജ്നാഥ് സിംഗ്)

**&&&&&&&&&&&&&&&&&&**

## GOVERNOR

പത്മനാഭസ്വാമി ക്ഷേത്രത്തെ ആസ്പദമാക്കി, ഇന്ത്യ പോസ്റ്റിൻറെ തപാൽ മുദ്രയും പ്രത്യേക കവറും നാളെ പുറത്തിറക്കും. തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പ്രകാശനം ചെയ്യും.

&&&&&&&&&&&&&&&&&&

## KERALA CM- KOCHI

പട്ടികവർഗ ഊരുകളിൽ മെച്ചപ്പെട്ട ചികിത്സാ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ട്രൈബൽ ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. "തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനാചരണ"ത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊച്ചിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## T SIDDIQUE -AGRI AWARD

2025ലെ സംസ്ഥാന കാർഷിക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരത്തിന് ചെറുവയൽ രാമൻ അർഹനായി. പുരസ്കാരങ്ങൾ ഈ മാസം 17 ന് മുഖ്യമന്ത്രി വി ഡി സതീശൻ എറണാകുളത്ത് വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, കോട്ടയം, ഇടുക്കി, കോഴിക്കോട് വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത

പ്രഖ്യാപിച്ചു. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## KALLAKADAL

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കന്യാകുമാരി തീരങ്ങളിൽ നാളെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യത. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

## T SIDDIQUE

കേരളത്തിൽ കനത്ത മഴയിൽ വ്യാപക കൃഷിനാശമുണ്ടായതായി മന്ത്രി T സിദ്ധിഖ്. 110 കോടി രൂപയുടെ അടിയന്തര ധനസഹായം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതായും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## DURAND CUP

ഡുറൻഡ് കപ്പ് ഫുട്ബോളിൽ ഇന്നു നടന്ന മത്സരത്തിൽ ട്രാവു എഫ്സിക്കു ജയം. ഇന്ത്യൻ നേവിയെ ഒന്നിനെതിരെ രണ്ടു ഗോളിനാണ് ട്രാവു എഫ്സി പരാജയപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&

## CM- MUTHALAPOZHI

വിഴിഞ്ഞത്തും മുതലപ്പൊഴിയിലും നീണ്ടകരയിലും കാണാതായ മത്സ്യത്തൊഴിലാളികൾക്കു വേണ്ടി ചരിത്രത്തിലിതുവരെ ഇല്ലാത്ത തരത്തിലാണ് തിരച്ചിൽ നടത്തുന്നതെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. തമിഴ് നാട്ടിലെ കുളച്ചിലിൽ ഉൾപ്പെടെ തിരച്ചിൽ തുടരുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## RAJEEV - BJP FISHERMAN

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തികഞ്ഞ അവഗണനയാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. നീണ്ടകരയിൽ വള്ളംമറിഞ്ഞു കാണാതായ ഗൗതംകൃഷ്ണയുടെ വീട്ടിലെത്തിയശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## ARJUN AYANKI

കണ്ണൂരിൽ പിടിയിലായ അർജുൻ ആയങ്കി 14 ദിവസത്തേക്ക് റിമാൻഡിൽ. കൂത്തുപറമ്പ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റാണ് റിമാൻഡ് ചെയ്തത്. അതിനിടെ, അർജ്ജുൻ ആയങ്കിയെ തേടി, പോലീസ് പത്തനംതിട്ട മല്ലപ്പള്ളിയിലെ പടിമൺ കാട്ടാമലയിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ചതായി ആരോപണമുയർന്നു. രാഷ്ട്രീയ പകപോക്കലാണ് നടപടിക്ക് പിന്നിലെന്ന് സി പി ഐ എം ജില്ലാ സെക്രട്ടറി രാജു ഏബ്രഹാം പറഞ്ഞു.

&&&&&&&&&&&&&&&&&&

## KHADI FAIR

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡും ഖാദി സ്ഥാപനങ്ങളും സംയുക്തമായി സംഘടിപ്പിക്കുന്ന ഓണം ഖാദി വിപണന മേള നാളെ മുതൽ ഈ മാസം 15 വരെ തിരുവനന്തപുരം അയ്യങ്കാളി ഹോളിൽ നടക്കും. ഖാദി വസ്ത്രങ്ങൾക്ക് 30 ശതമാനം കിഴിവ് പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## INDIA-US NAVY EXERCISE

ഇന്ത്യ-അമേരിക്ക നാവികസേന സംയുക്ത അഭ്യാസം നാളെ കൊച്ചി നേവൽ കമാൻഡിൽ നടക്കും. അഞ്ച് ദിവസം നീളുന്ന പരിപാടിയിൽ ഇരുസേനകളുടെയും ഡൈവിംഗ്, ബോംബ് നിർവീര്യമാക്കൽ സംഘങ്ങൾ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## DAY ODISHA - FLOOD

ഒഡിഷയിൽ കനത്ത മഴ തുടരുന്നു. വിവിധ നദികളിൽ ജലനിരപ്പ് ഉയർന്നിട്ടുണ്ട്. സംബൽപുരിൽ ഹിരാക്കുഡ് അണക്കെട്ടിന്റെ 12 ഗെയിറ്റുകൾ തുറന്ന് ജലം പുറത്തേക്ക് ഒഴുക്കുകയാണ്. മുന്നറിയിപ്പുകളുടെ പശ്ചാത്തലത്തിൽ ഒഡിഷയിലെ പ്രളയബാധിത പ്രദേശങ്ങളിലെ സ്ഥിതിഗതി സർക്കാർ വിലയിരുത്തുകയാണ്.

&&&&&&&&&&&&&&&&&&

&&&&&&&&&&&

&&&